www.malankaralibrary.com

# മലങ്കര ബാലൻ

ഫെബ്രുവരി - മാർച്ച് 2023

മലങ്കര സുറിയാനി കത്തോലിക്കാ സഭ
വിശ്വാസ പരിശീലന കാര്യാലയം
തിരുവനന്തപുരം മേജർ അതിഭദ്രാസനം



www.malankaralibrary.com



# താളുകളിലൂടെ...


**PATRON**
HIS BEATITUDE CARDINAL
MORAN MOR BASELIOS CLEEMIS
MAJOR ARCHBISHOP CATHOLICOS

**EDITOR**
FR. JOHNSON PUTHUPARAMPIL

**EDITORIAL MEMBERS**
FR. JOSHUA PARAYIL
FR. GEEVARGHESE EZHIYATH
FR. ARUN ERATH
FR. JACOB KALLUVILAYIL
FR. THOMAS KUTTIYIL
FR. ANU JOSE KUNNIL
FR. PAUL VILAYIL
FR. CILM PARUKUR
FR. ALOYSIOUS THEKKEDATH
SR. JOVITTA THERESE D.M.
MR. VARGHESE GEORGE KOCHUVILA
MR. PRADEEP GEORGE

**DESIGN & LAYOUT**
JUSTIN P STEPHEN
(MISTICA CREATIONS : 9746186059)


**CONTACT**


8281221234
(CATECHISM DIRECTOR, TVM MAJOR ARCHDIOCESE)
GMAIL : catechismtrivandrum@gmail.com



എഡിറ്റോറിയൽ 03

മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനായുള്ള പ്രാർത്ഥന 04

വിശുദ്ധരോടൊപ്പം - വിശുദ്ധ വേളാങ്കണ്ണി മാതാവ് 05

ലേഖനം - പ്രകൃതിയുടെ പരിപാലനം : ജീവന്റെ നിലനിൽപ്പിന് 07

കവിത - യേശുവെന്ന സത്യം 09

ചെറുകഥ - ദൈവത്തിന്റെ പ്രവർത്തികൾ അത്ഭുതകരമാണ് 11

മതബോധനം 13

ചിത്രകഥ - എന്റെ സ്വന്തം മാർ ഈവാനിയോസ് 14

പൊതുവിജ്ഞാനം 16

വാർത്തകൾ 17




**ONLINE CIRCULATION ONLY**

www.malankaralibrary.com

# എഡിറ്റോറിയൽ

## ദൈവസ്നേഹത്തിലുള്ള പങ്കുപറ്റൽ

നോമ്പ് - ദൈവസ്നേഹത്തിലുള്ള പങ്കുപറ്റലിനുള്ള സമയം, കൂടുതൽ പ്രാർത്ഥിക്കാൻ, യേശുനാഥന്റെ കൂടെയിരിക്കാൻ, വചനം വായിക്കാൻ, മറ്റുള്ളവരെ സ്നേഹിക്കാൻ നമ്മുടെ ജീവിതത്തെ ഒരുക്കുന്ന സമയമാണ്. സ്നേഹിക്കുവാനുള്ള ശക്തി ആർജ്ജിക്കുന്നതിനുള്ള ഒരു തീവ്രശിക്ഷണക്രമത്തിന്റെ ഭാഗമായിട്ടായിരിക്കണം നാം നോമ്പിന്റേയും ഉപവാസത്തിന്റേയും സമയത്തെ നോക്കിക്കാണേണ്ടത്. ക്രിസ്തുവിൽ നമുക്ക് ഏറെ അടുത്തായിരിക്കുന്ന ദൈവത്തെ സ്വീകരിച്ചുകൊണ്ട് സ്നേഹശക്തിയിൽ ഉയരുവാനുള്ള ഒരു തീവ്രപരിശീലനക്രമത്തിന്റേതാണീ ചിട്ട എന്നറിയേണ്ടതുണ്ട്. ആന്തരീകശിക്ഷണം നേടാനുള്ളൊരു ബാഹ്യശിക്ഷണമെന്ന രീതിയിൽ ഈ അവസരത്തിന് വളരെ പ്രസക്തിയുണ്ട്. ബാഹ്യപരിശീലനങ്ങൾ ആന്തരീകനന്മകൾ ആർജ്ജിക്കുന്നതിനുള്ളൊരു ഉപാധിയായി കാണണം. ആന്തരികശക്തിയും, അതുവഴി എല്ലാ നന്മകളും സ്നേഹശക്തിയിലധിഷ്ഠിതവുമാണ്. ദൈവശക്തിയിലുള്ള പങ്കുപറ്റലിലൂടെയാണ് സ്നേഹശക്തി ആർജ്ജിക്കുന്നത്. സ്നേഹശക്തി നേടാനാവാത്ത നോമ്പിനും, ഉപവാസത്തിനുമർത്ഥമില്ല. ഭക്ഷണം വർജ്ജിക്കുന്നത് സ്നേഹിക്കാനുള്ള കരുത്ത് നേടാനാണെന്നോർക്കേണ്ടതുണ്ട്. നമ്മുടെ പാപത്തിന് പരിഹാരമായി കുരിശിൽ മരണം കൈവരിച്ച ക്രിസ്തു നാഥന്റെ വഴികളിലൂടെ കുരിശിന്റെ വഴി പ്രാർത്ഥന നടത്തി, കരണകൊന്ത ചൊല്ലി നമ്മുടെയും ലോകത്തിന്റെയും പാപത്തിന് പരിഹാരമർപ്പിക്കാൻ നമുക്ക് ലഭിക്കുന്ന അവസരമാണി വലിയ നോമ്പിന്റെ ദിനങ്ങൾ. വിശ്വാസ ജീവിത പരിശീലനത്തിൽ നോമ്പിനും ഉപവാസത്തിനും വളരെ പ്രാധാന്യമുണ്ട്.

വിശ്വാസ പരിശീലനത്തിന്റെ ഈ അധ്യായന വർഷം അവസാനിച്ചു. നാം പഠിച്ച കാര്യങ്ങൾ അനുദിനജീവിതത്തിൽ പ്രായോഗികമാക്കുന്ന ദിനങ്ങളാണല്ലോ ഈ മാർച്ച് ഏപ്രിൽ മാസങ്ങൾ. എല്ലാ ഞായറാഴ്ചയും ദൈവാലയത്തിൽ ഒരുമിച്ചുകൂടി പാട്ടുകൾ പഠിക്കാനും ആരാധനക്രമത്തിന്റെ കാര്യങ്ങൾ മനസ്സിലാക്കാനും, ഭവനങ്ങൾ സന്ദർശിക്കാനും ചിട്ടയായ ജീവിതക്രമങ്ങൾ തുടരാനും നാം പരിശ്രമിക്കണം. ഏപ്രിൽ മാസം മുതലുള്ള അവധിക്കാല ബൈബിൾ ക്ലാസ്സിൽ **(M.B.O.C)** തീക്ഷ്ണതയോടെ സംബന്ധിക്കാനും വചനം പഠിക്കാനും നാം ശ്രമിക്കണം. ദൈവത്തിന്റെ സ്നേഹം നമ്മിൽ നിറഞ്ഞു അനേകർക്ക് അനുഗ്രഹമായിരിക്കാൻ നമുക്ക് പരിശ്രമിക്കാം നല്ല നോമ്പുകാലം ആശംസിക്കുന്നു.

**ഫാ. ജോൺസൺ പുതുപ്പറമ്പിൽ**
ഡയറക്ടർ
വിശ്വാസ പരിശീലന കാര്യാലയം
തിരുവനന്തപുരം മേജർ അതിഭദ്രാസനം



www.malankaralibrary.com

# ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിനായുള്ള പ്രാർത്ഥന



പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേക ദൈവമേ, അങ്ങേയ്ക്ക് ആരാധനയും മഹത്വവും സ്തോത്രവും ഞങ്ങൾ അർപ്പിക്കുന്നു.

പിതാവായ ദൈവമേ, അവിടുത്തെ അനന്തകരുണയാൽ കാലത്തിന്റെ തികവിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അങ്ങ് രൂപം നൽകി. അതിനെ വളർത്തി നയിക്കുന്നതിനായി വന്ദ്യതാതനായ മാർ ഈവാനിയോസ് പിതാവിനെ അവിടുന്ന് നിയോഗിച്ചു. ആ പുണ്യതാതന്റെ വിശുദ്ധിയുടെ പരിമളവും, സ്നേഹത്തിന്റെ ഊഷ്മളതയും എല്ലാ ജനപദങ്ങൾക്കും മാതൃകയാകുന്നതിനും ആഗോള സഭയ്ക്ക് പൊതുവായും, മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പ്രത്യേകമായും ഒരു വിശുദ്ധന്റെ മാദ്ധ്യസ്ഥം കൂടി ലഭിക്കുന്നതിനുമായി ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനെ വിശുദ്ധ പദവിയിലേയ്ക്കുയർത്തി അനുഗ്രഹിക്കണമേ എന്ന് ഞങ്ങൾ താഴ്മയോടെ പ്രാർത്ഥിക്കുന്നു.
ആമ്മീൻ.

1 സ്വ. 1 കൃപ. 1 ത്രി.

www.malankaralibrary.com



# വിശുദ്ധ വേളാങ്കണ്ണി മാതാവ് (1505)



ഫാ. തോമസ് കുറ്റിയിൽ

കിഴക്കിന്റെ ലൂർദ്ദ് എന്നറിയപ്പെടുന്ന സ്ഥലമാണ് ഇന്ത്യയിൽ തമിഴ്നാട്ടിലെ നാഗപട്ടണത്തിനടുത്ത് ഏകദേശം പന്ത്രണ്ട് കിലോമീറ്റർ മാറി സ്ഥിതിചെയ്യുന്ന വേളാങ്കണ്ണി. 16-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെയാണ് വേളാങ്കണ്ണിയിലെ പരി. ദൈവമാതാവിന്റെ സാന്നിദ്ധ്യം പ്രശസ്തിലേക്കെത്തുന്നത്.

വേളാങ്കണ്ണിയിലെ ആരോഗ്യ മാതാവിന്റെ ആദ്യദർശനം പാൽവിൽപ്പനയിലൂടെ ജീവിതവരുമാനം കണ്ടെത്തിയിരുന്ന ഒരു സാധു ബാലനായിരുന്നു. ആ ദിവസവും പതിവുപോലെ പാൽക്കുടവും എടുത്തു കൊണ്ട് നാഗപട്ടണത്തിലേക്കു പോകുകയായിരുന്നു. യാത്രയുടെ ദൈർഘ്യത്തിൽ ക്ഷീണമനുഭവപ്പെട്ട ബാലൻ തന്റെ പാൽക്കുടം മരത്തിന്റെ കീഴിൽ വച്ച് ഒരല്പം മയങ്ങി പോയി. പെട്ടെന്ന് നവ്യ തേജസ്സുള്ള ഒരു സ്ത്രിയുടെയും കുട്ടിയുടെയും സാന്നിദ്ധ്യത്തിൽ മയക്കം തടസ്സപ്പെട്ടു. ആ സ്ത്രി തന്റെ കുഞ്ഞിന് അല്പം പാൽ നൽകുമോ എന്നു ചോദിച്ചു. അവൻ കുഞ്ഞിന് പാൽ നൽകി. ആ സ്ത്രിയുടെ സാന്നിദ്ധ്യം അവന്റെ ഹൃദയത്തിൽ മുമ്പൊന്നും അനുഭവിക്കാത്ത ആനന്ദവും ഉന്മേഷവുമായിരുന്നു. പാലുകൊണ്ടു വരുന്നത് വൈകിയതുമാത്രമല്ല, പാൽക്കുടം

www.malankaralibrary.com

പകുതിയായി കാണപ്പെട്ടതും ഉടമസ്ഥനെ കുപിതനാക്കി. ബാലന്റെ യാതൊരു വിവരണവും കേൾക്കാൻ കൂട്ടാക്കാത്ത ഉടമസ്ഥന്റെ മുമ്പിൽ വച്ച് അത്ഭുതമെന്ന് പറയത്തക്കവിധം പാൽക്കുടത്തിൽ നിന്ന് പാൽ നിറഞ്ഞൊഴുകുവാൻ തുടങ്ങി. ബാലനടക്കം അവിടെയുണ്ടായിരുന്ന പലരും ഹിന്ദുക്കളായിരുന്നു. ചില ക്രിസ്ത്യാനികളും ഈ അത്ഭുതം ദർശിക്കുവാൻ അവിടെയുണ്ടായിരുന്നു. തത്സമയം പരിശുദ്ധ ദൈവമാതാവിന്റെ സാന്നിദ്ധ്യം മനസ്സിലാക്കി അവർ ദൈവത്തെ മഹത്വപ്പെടുത്തി. ദർശനം നടന്ന കുളത്തിന് അവർ മാതാക്കുളം എന്നു വിളിക്കാൻ തുടങ്ങി.

രണ്ടാമതു സ്വർഗ്ഗത്തിന്റെ രാജ്ഞി പ്രത്യക്ഷയായത് ഒരു വിധവയുടെ മുടന്തനായ മകനാണ്. കുടുംബം പോറ്റുന്നതിനായി ഒരാൽമരച്ചുവട്ടിൽ ഇരുന്ന് മോര് വിൽപ്പന നടത്തുകയായിരുന്നു അവന്റെ ജോലി. ഒരു ദിനം ഇങ്ങനെയിരിക്കവെ, സൂര്യപ്രഭയിൽ കുളിച്ചുനിൽക്കുന്ന ഒരു സ്ത്രിയും കുഞ്ഞും അവന്റെ മുമ്പിൽ വന്നു കുറച്ച് മോര് ചോദിച്ചു. അവൻ സന്തോഷത്തോടെ നൽകി. സ്ത്രി ബാലനോട് നാഗപ്പണത്തു ചെന്ന് ധനികനായ ഒരു കത്തോലിക്കാ യുവാവിനോട്, തനിക്ക് ദർശനം ലഭിച്ച സ്ഥലത്ത് ഒരു ദൈവാലയം വേണമെന്ന ആഗ്രഹം അറിയിക്കുവാൻ പറഞ്ഞു. പരി. ദൈവമാതാവിന്റെ അഭ്യർത്ഥന മനസ്സിലാക്കി യാത്രയ്ക്ക് ഒരുങ്ങിയ അവന്റെ കാലുകൾ സാധാരണഗതിയിലെത്തിയത് അവന് വിശ്വസിക്കാനായില്ല. ബാലന്റെ വാക്കുകൾ വിശ്വസിച്ച ധനികനായ യുവാവും അവിടെയുണ്ടായിരുന്നു. സമൂഹം മുഴുവൻ ചേർന്ന് മാതാവിനായി അവിടെയൊരു ഓലമേഞ്ഞ ദൈവാലയം നിർമ്മിച്ചു. ഇതാണ് വേളാങ്കണിയിലെ മാതാവിനായി സമർപ്പിക്കപ്പെട്ട ആദ്യ ദൈവാലയം.


പിന്നിട് ഒരിക്കൽ പോർട്ടുഗീസ് കപ്പൽ ശ്രിലങ്ക വഴി, മക്കാവോയിൽ നിന്നും പോർച്ചുഗലിലേക്ക് മടങ്ങുകയായിരുന്നു. ബംഗാൾ ഉൾക്കടലിലൂടെ കപ്പൽ യാത്രയിലായിരുന്നവേളയിൽ രക്ഷപെടാനാവാത്തവിധം ഒരു കാറ്റിൽപ്പെട്ട് കപ്പൽ ഉലയുകയും കപ്പൽ തകരുമെന്ന അവസ്ഥയിലായപ്പോൾ സമുദ്രത്തിന്റെ രാജ്ഞിയായ പരിശുദ്ധ മാതാവിന്റെ മാദ്ധ്യസ്ഥം യാചിച്ചു. മാതാവ് ഈ ദുരവസ്ഥയിൽ കൂടെ നിൽക്കുകയും സുരക്ഷിതരായി വേളാങ്കണി തീരത്തടുപ്പിക്കുകയും ചെയ്തു. ഇത് പരിശുദ്ധ ദൈവമാതാവിന്റെ ജനനതിരുനാളായിരുന്ന സെപ്റ്റംബർ 8-ാം തിയതി ആയിരുന്നു. തങ്ങളെ രക്ഷിച്ചതിന്റെ ഓർമ്മയ്ക്കായി ഓലമേഞ്ഞ ദൈവാലയം മനോഹരമായ ദൈവാലയമാക്കി പുനർനിർമ്മിച്ചു. പിന്നിടുള്ള സന്ദർശനങ്ങളിൽ ദൈവാലയം കൂടുതൽ മോടിപിടിപ്പിക്കുകയും ഉണ്ണിയെ എടുത്തുകൊണ്ടുള്ള മാതാവിന്റെ രൂപം അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തു.

കിഴക്കിന്റെ ലൂർദ്ദ് എന്നറിയപ്പെടുന്ന വേളാങ്കണിയെ പരി. ജോൺ ഇരുപത്തി മൂന്നാമൻ മാർപാപ്പ ഒരു ബസിലിക്കയായി ഉയർത്തി.

വി. ബർണാഡ് പുണ്യവാൻ ഇപ്രകാരം ഉദ്ധരിച്ചിട്ടുണ്ട്.

# 'മാതാവിലൂടെ ഈശോയിലേക്ക്'

(Ad Jesus , Per Marium)



www.malankaralibrary.com

# പ്രകൃതിയുടെ പരിപാലനം : ജീവന്റെ നിലനിൽപ്പിന്





ഹന്നാ റജി
ചെറുവള്ളൂർ, ആയൂർ

എല്ലാവരും എന്നും വായിക്കേണ്ട രണ്ട് പുസ്തകങ്ങളുണ്ട് അവനവനൊന്ന്, ചുറ്റുമുള്ള പ്രകൃതി മറ്റേത്.

കുഞ്ഞുങ്ങളുടെ എല്ലാം പ്രീയങ്കരനായ കുഞ്ഞുണ്ണി മാഷിന്റെ വരികളാണിവ. ഒരു പക്ഷേ മനുഷ്യൻ വായിക്കാൻ മറന്നുപോകുന്ന പുസ്തകമാണ് പ്രകൃതി എന്ന് വേണമെങ്കിൽ പറയാം. വായിക്കാൻ മറക്കുക മാത്രമല്ല, ആ പുസ്തകത്തെ വലിച്ചുകീറി നശിപ്പിക്കാൻ ശ്രമിക്കുന്നവരാണ് ഭൂരിപക്ഷം മനുഷ്യരും. വൈവിധ്യമാർന്ന ജീവജാലങ്ങളെ കൊണ്ട് നിറഞ്ഞ ഈ പ്രകൃതി ഇന്ന് പലവിധത്തിൽ ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദൈവം ആറ് ദിവസങ്ങൾക്കൊണ്ട് സൃഷ്ടി കർമ്മം പൂർത്തിയാക്കിയ ഏറ്റവും മനോഹരമായ സൗധമാണ് പ്രകൃതി എന്ന് ബൈബിളിൽ പ്രത്യേകമാം വിധം ചൂണ്ടിക്കാണിക്കുന്നുമുണ്ട്. ഈ മനോഹാരിത മാനുഷിക കരങ്ങളാൽ ഇന്ന് ഇല്ലാതായി കൊണ്ടിരിക്കുകയാണ്. ദാനം കിട്ടിയ ഈ നിധി വരും തലമുറക്ക് വേണ്ടി കരുതിവയ്ക്കാൻ മറന്നുപോകുന്ന ഒരു പറ്റം മനുഷ്യരാണ് ദൈവത്തെ വെല്ലുവിളിക്കാൻ മുന്നിട്ടിറങ്ങിയിരിക്കുന്നത്. ശാസ്ത്രത്തിന്റെ മുന്നോട്ടുള്ള കുതിപ്പ് നമ്മുടെ ജീവിത സൗകര്യങ്ങൾ ഏറെ മെച്ചപ്പെടുത്തിയിട്ടുണ്ട്. മാനുഷിക അദ്ധ്വാനം ലഘൂകരിക്കുന്ന യന്ത്രസംവിധാനങ്ങൾ, വാർത്താവിനിമയ ഉപാധികൾ, വിനോദമാർഗ്ഗങ്ങൾ ഇവയെല്ലാം തന്നെ മനുഷ്യന്റെ മുഖ്യമുഖചരായ മാറ്റിമറിച്ചു. എന്നാൽ വികസനത്തിനുള്ള വ്യഗ്രതയിൽ തന്റെ ചുറ്റുപാടും മലിനമാകുന്നതും ജീവവായു കളങ്കമാകുന്നതും അതിലൂടെ ജീവൻ പോലും അപകടത്തിലാകുന്നതും അവൻ അറിയുന്നില്ല.

www.malankaralibrary.com

വ്യവസായവത്കരണവും നഗരവത്കരണവും ആധുനിക ജീവിതത്തിന് അനുഗ്രഹമാകുമ്പോൾ അതിന്റെ ഉപോൽപ്പന്നങ്ങൾ മനുഷ്യന്റെയും മറ്റ് സസ്യജന്തുജാലങ്ങളുടെയും ജീവന് ഭീഷണിയാകുന്നു. വ്യവസായവത്കരണം പുരോഗതിയുടെ നാഴികക്കല്ലായെങ്കിൽ അതിലൂടെയുണ്ടാകുന്ന മലിനീകരണം പ്രകൃതിയുടെ സ്വച്ഛതയെ കാർന്നു തിന്നുന്നതുമാണ്. പ്രകൃതി ഏതെങ്കിലും വിധത്തിൽ വിശേഷാൽ മനുഷ്യന്റെ ഇടപെടലിലൂടെ ദുഷിതമാകുകയോ അതുവഴി പ്രകൃതിയുടെ സ്വച്ഛതയ്ക്ക് കോട്ടം തട്ടുകയോ ചെയ്യുന്നതിനെയാണ് മലിനീകരണം എന്ന് പറയുന്നത്. മനുഷ്യൻ അവന്റെ അനുദിന ജീവിതത്തിന്റെ ഭാഗമായി പ്രകൃതിയിൽ ഇടപെടുന്നതായി കാണാം. ഇത്തരം പ്രവർത്തികളുടെ അനന്തരഫലം എന്നോണം പ്രകൃതിയിലെ ജന്യമായ പദാർത്ഥങ്ങളുടെ അളവുകളിൽ ഏറ്റകുറച്ചിൽ കാണുവാൻ സാധിക്കും. ക്രമേണ ഇത്തരം പദാർത്ഥങ്ങൾ മലിനീകാരികൾ ആയി മാറും. മലനീകരണം സൃഷ്ടിക്കുന്നതെന്തോ അതിനെയാണ് മലനീകാരി എന്ന് വിളിക്കുന്നത് . വായു, ജനം. മണ്ണ് തുടങ്ങി എല്ലാ പ്രകൃതിയുടെ മേഖലകളും കാലഭേതമന്യേ മലിനമാക്കപ്പെടുന്നു. ജൈവമ ണ്ഡലത്തിലെ മലിനീകരണപ്രവർത്തികൾ ജീവന്റെ സ്വഭാവിക നിലനില്പ്പിനും പ്രകൃതിയുടെ സ്വച്ഛതയ്ക്ക്കോട്ടം തട്ടുന്നതിനും കാരണമാകുന്നു.

ജൈവമണ്ഡലത്തിലെ ജീവ ഘടകങ്ങളും അജീവ ഘടകങ്ങളും ഒന്നുചേർന്നു പരസ്പരം അദൃശ്യമായ ഒരു സന്തുലിതാവസ്ഥയിൽ നിലകൊള്ളുന്നു. ഒന്നില്ലാതെ മറ്റൊന്നിന് നിലനിൽപ്പില്ല. എന്നാൽ ആവാസവ്യവസ്ഥയിൽ ഒരു ജീവിമാത്രമായ മനുഷ്യന്റെ അശ്രദ്ധ കാരണമോ സ്വാർത്ഥതനിറഞ്ഞ പ്രവർത്തികാരണമോ ഈ സന്തുലിതാവസ്തയിൽ താളപിഴകൾ സംഭവിക്കുന്നു. ഇങ്ങനെയുള്ള അവസ്ഥകളിലാണ് മലിനീകരണം എന്ന മഹാവിപത്ത് സംഭവിക്കുന്നു എന്ന് നമുക്ക് കാണുവാൻ സാധിക്കുന്നത്.

ശാസ്ത്ര സങ്കതിക വിദ്യയുടെ പുരോഗമനം മൂലം മനുഷ്യൻ തന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്വാർത്ഥരായി പ്രകൃതിയിലേക്ക് ഇറങ്ങുന്നു. മലിനീകരണത്തെപറ്റി ചിന്തിക്കുമ്പോൾ ഏറ്റവും ഗൗരവത്തോടെ ആലോചിക്കേണ്ട ഒരു വിഷയമാണ് ഇവ.

നാം മരങ്ങൾ നട്ടുപിടിപ്പിക്കുകയും ജലസംഭരണി ഉണ്ടാക്കി മഴവെള്ളം ശേഖരിക്കുകയും വേണം. പ്ലാസ്റ്റിക്ക് പൂർണ്ണമായി നമുക്ക് ഒഴിവാക്കാം.

നമ്മുടെ നാടായ, ദൈവത്തിന്റെ നാടായ കേരളത്തെ പൂർണ്ണമായും പ്ലാസിറ്റിക് വിമുക്തമാക്കാം. ദൈവം നമുക്കായി നൽകിയ ഈ ഏദൻ തോട്ടം വളരെ വിശുദ്ധിയോട് കൂടെ പരിപാലിക്കുകയും കാത്ത് സംരക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്യാം. പ്രകൃതിയുടെ പരിപാലനം എന്നത് കേവലം ഒന്നോ രണ്ടോ വ്യക്തികളിൽ മാത്രം ഒതുങ്ങേതല്ല. അത് വിവിധ സമൂഹതലങ്ങളിലെ ആളുകൾ ഒന്നു ചേർന്ന് നടത്തേ ഒന്നാണ്. അതിനായി നമുക്ക് ഒരുമിച്ച് കൈകൾകോർക്കാം പ്രകൃതിയെ നമുക്ക് കാത്ത് സംരക്ഷിക്കാം.



www.malankaralibrary.com

# യേശുവെന്ന സത്യം

സത്യമെന്നത് വിജയം , സമാധാനം, വിശ്വസ്തത, നന്മ
സ്വാതന്ത്ര്യമെന്നി വിവിധ പുണ്യങ്ങളാൽ ബന്ധിതം
നുണയാൽ കുരുക്കിയതായിരുന്നു.
ക്രിസ്തു നാഥനെ കുരിശിൽ
അവിടുത്തെ കുരിശു മരണം തന്നെ
വഞ്ചനയാലും അസത്യത്താലും
മെനഞ്ഞെടുത്തതായിരുന്നു.
പക്ഷെ, ക്രിസ്തുനാഥൻ
തന്റെ ഹൃദയെ നിറഞ്ഞു നിന്ന
സത്യമാം സ്നേഹത്താൽ കുരിശുമരണം അവിടുന്ന് ധന്യമാക്കി.
സ്വർഗ്ഗരാജൻ, തൻ ജനത്തിന്റെ തിന്മയാകുന്ന-
നുണയുടെ ഗോപുരങ്ങളെതകർക്കുവാനായി
സത്യവെളിച്ചമാം യേശുനാഥനെ
നന്മനിറഞ്ഞ കന്യകയാം മറിയത്തിൻ
ഉദരത്തിലേക്കയച്ചു.
ഭൂമിയിൽ പിറന്നു വീണ
മിശിഹാ, ഒരു സത്യ ശോഭയായ് വാണു
അവൻ തൻ പിതാവിനാൽ
തനിക്കു നൽകപെട്ട അധികാരമുപയോഗിച്ച് നുണയെ ചവിട്ടി പുറത്താക്കി.
നാളുകൾ നീങ്ങവെ,
മിശിഹായെ തിരിച്ചറിയാതെ പോയ
കുടില ഹൃദയങ്ങൾ, വഞ്ചനയാൽ
തൻ ശിഷ്യരിലൊരുവൻ വഴി
മരണത്തിനായ് ഒറ്റിക്കൊടുക്കപ്പെട്ടു.
താനാണ് ദൈവപുത്രനാണെന്ന സത്യം
അവൻ രാജസന്നിധിയിൽ പലവട്ടം
ഉരുവിട്ടെങ്കിലും ഒരു കള്ളനായി
ഇരു കള്ളരുടെ നടുവിലവനെയവർ തൂക്കി.
ആ വെള്ളിയാഴ്ച ഇസ്രയേൽ ജനം
എന്തേ യഥാർത്ഥ സത്യ ദൈവത്തെയറിഞ്ഞില്ല.
ശാബതിൻ കളവിനു വിജയമെന്നവർ ചിന്തിച്ചിരിക്കവെ,
യേശുവെന്ന സത്യം സത്യത്തിനുടയാട
ചൂടി, ഞായറാഴ്ചയവൻ ഉയിർത്തെഴുന്നേറ്റു.
അവിടെ സത്യം വിജയകിരീടമണിഞ്ഞു-
ന്നതനായി വാണു.



സ്റ്റെല്ലാ ഗ്രേസ് ജോയി
ഒഴുകുപാറയ്ക്കൽ

www.malankaralibrary.com

സത്യത്തിൻ വിജയം നേടിയ നാഥൻ
അനശ്വരമായ ദൈവപുത്ര സിംഹാസനം കൈവരിച്ചു.
സത്യം നേടിത്തരുന്ന വിജയം
എപ്പോഴുമനശ്വരമായിരിക്കും.
ഈ അസത്യമാകുന്ന ലോകത്തിൽ
ജീവിച്ച് വിജയം വരിച്ച് സ്വർഗീയ ശാലോമിൽ
എത്തുവാൻ നാം സത്യത്തിൻ പടച്ചട്ടയണിയേണം.
വലിയ മിഷനറീജിവിതം നേടിയ
പൗലോസിൻ വാക്കുകൾ ശ്രദ്ധിക്കുവിൻ
അദ്ദേഹത്തിൻ വഴിയെ, നമുക്കും
സത്യത്തിൻ പടച്ചട്ടയണിഞ്ഞ് പോരാടാം.
അസത്യം നശ്വരമായ ശോഭനൽകുമ്പോൾ
സത്യം അനശ്വരമാംശോഭയേകുന്നു.
യേശുവെന്ന സത്യത്തെയറിയുവിൻ.
യേശുവെന്ന സത്യത്തെ കത്തുവിൻ.
യേശുവെന്ന സത്യത്തെ അഭ്യസിക്കുവിൻ.
യേശുവെന്ന സത്യം വഴി സ്വതന്ത്രരാകുവിൻ
യേശുവെന്ന സത്യത്തിനായി പോരാടുവിൻ.

www.malankaralibrary.com



# ദൈവത്തിന്റെ പ്രവർത്തികൾ അത്ഭുതകരമാണ്



**റോഷ്നി മരിയ റെജി**
**ഏഴകുളം അഞ്ചൽ**

മലകളും, പുഴകളും നിലകൊള്ളുന്ന പക്ഷികളുടെ മധുരമൊഴികളാൽ നിറഞ്ഞുനിന്ന, മനസ്സിന് കുളിർമയേകുന്ന ഒരു ഭൂപ്രദേശം, അതിന്റെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്ന ഒരു കൊച്ചു ഗ്രാമം. അവിടെ ജനങ്ങൾ നഗരത്തെപ്പോലെ ആൾക്കൂട്ടങ്ങളോ, ബഹളങ്ങളോ, പൊടിപടലങ്ങളോ, ഇല്ലാതെ സ്വസ്തമായി കഴിഞ്ഞിരുന്നു. പാവപ്പെട്ടവരായിരുന്നു അവർ. തുച്ഛമായ വരുമാനം കൊണ്ട് കുടുംബത്തെ പോറ്റുന്നവർ. എന്നാൽ ആ ഗ്രാമത്തിലെ ഒരു കുടുംബം മാത്രം അതിധനിക കുടുംബമായിരുന്നു. ഗീവർഗിസിന്റെ കുടുംബമായിരുന്നു അത്. ധനികനായിരുന്നതിനാലും നല്ല വിദ്യാസമ്പന്ന കൂട്ടരായിരുന്നതിനാലും ഗീവർഗ്ഗീസിനും കുടുംബത്തിനും നാട്ടിൽ ഒരു പ്രമുഖ സ്ഥാനം ഉണ്ടായിരുന്നു. പക്ഷെയെങ്കിലും "അറുത്ത കൈയ്ക്ക് ഉപ്പുതേക്കാത്ത" സ്വഭാവമായിരുന്നു അദ്ദേഹത്തിന്റെത് പണം സമ്പാദിക്കാൻ അദ്ദേഹം എന്തും ചെയ്യുമായിരുന്നു. പണത്തിന് ആവശ്യം വരുമ്പോൾ ഗ്രാമത്തിലെ മറ്റു ജനങ്ങൾ ഗീവർഗ്ഗീസിനോടാണ് പണം ചോദിച്ചിരുന്നത്. ഈ വക കാരണങ്ങളാൽ താൻ ആ ഗ്രാമത്തിലെ വലിയ ആളാണെന്നമട്ടിൽ അയാൾ അഹങ്കരിച്ചു നടന്നിരുന്നു.

www.malankaralibrary.com

ഗ്രാമത്തിലെ എല്ലാവർക്കും അയാളെ പേടിയാണ്. വാങ്ങിയ പണം തിരികെ കൊടുക്കാൻ താമസിച്ചതിന് അയാൾ ചായക്കടക്കാരൻ ഉണ്ണിയെ ശരിക്കും മർദ്ദിച്ചവശനാക്കി. പല കുടുംബങ്ങളുടെയും കണ്ണീരിന് കാരണമായ ആളാണ് ഈ കുന്നത്ത് ഗീവർഗ്ഗീസ്. അയാൾ ദൈവാലയത്തിൽ വരുമെങ്കിലും പണം സമ്പാദിക്കുക എന്നല്ലാതെ ഒരു ദൈവചിന്തപോലും അയാൾക്കുണ്ടായിരുന്നില്ല. ഇതേ സമയം ആ ഗ്രാമത്തിൽ ഒരു നിർദ്ദന കുടുംബം ഉണ്ടായിരുന്നു. ആ ഗ്രാമത്തിലെ ഏറ്റം ദരിദ്രവസ്ഥയിലെ കുടുംബം അത് ലില്ലിയുടേതായിരുന്നു. ആകെ സ്വന്തമെന്ന് പറയാൻ ഉണ്ടായിരുന്ന കുടിലിൽ ലില്ലിയും അവളുടെ അമ്മയുമാണ് താമസിച്ചിരുന്നത്. ദരിദ്രയാണെങ്കിലും ലില്ലിയും അമ്മ ത്രേസ്യായും നല്ല ദൈവവിശ്വാസിയായിരുന്നു. അപ്പന്റെ മരണശേഷം ലില്ലിയുടെ അമ്മയ്ക്ക് ഹൃദയത്തിന് അസുഖമായി. ആരോഗ്യം തീരെ ഇല്ലാതായി. അവളുടെ അമ്മയുടെ സൗഖ്യത്തിനായി ലില്ലി നിരന്തരം പ്രാർത്ഥിച്ചിരുന്നെങ്കിലും ഫലമൊന്നും ഉണ്ടായിരുന്നില്ല എന്നാലും അവൾ പരാതികൾ പറയാതെ നിരന്തരം ദൈവത്തോട് പ്രാർത്ഥിച്ചു. അങ്ങനെയിരിക്കെ പെട്ടെന്നൊരു ദിവസം അവളുടെ അമ്മയ്ക്ക് തീരെ വയ്യാതായി. ഉടനെ ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും ശസ്ത്രക്രിയ നടത്താൻ ഒരുപാട് പണം വേണമെന്ന് ഡോക്ടർമാർ ലില്ലിയോട് ആവശ്യപ്പെട്ടു. ലില്ലി എന്ത് ചെയ്യണമെന്ന് അറിയാതെയായി. മറ്റുള്ള ഗ്രാമക്കാരുടെ നിർദ്ദേശം അനുസരിച്ച് അവർ ഗീവർഗ്ഗിസിന്റെ വീടിനുമുമ്പിലെത്തി തന്നെ സഹായിക്കാനായി അദ്ദേഹത്തോട് കേണപേക്ഷിച്ചു. നിർദ്ദയനായ ഗീവർഗ്ഗിസിന് അവളുടെ കണ്ണീരിൽ അലിവു തോന്നിയില്ല. അയാൾ അവളെ സഹായിക്കാൻ വിസമ്മതിച്ചു. അവസാന പ്രതീക്ഷയും പോയതോടെ ലില്ലി ആകെ തളർന്നു എന്ത് ചെയ്യണമെന്നറിയാതെ പള്ളിയിലേക്ക് ഓടിക്കയറി വാവിട്ടു കരഞ്ഞു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ആശുപത്രിയിൽ നിന്ന് ഒരു ഫോൺ കോൾ വന്നു. വിവരങ്ങളറിയാനായി അവൾ ആശുപത്രിയിലേയ്ക്ക് ഓടിവന്നു. അപ്പോൾ അവൾ മനസ്സിലാക്കി ഗ്രാമക്കാരുടെ സഹായത്തോടെ അവരെല്ലാവരും ചേർന്ന് ത്രേസ്യാക്കുവേണ്ടിയുള്ള ശസ്ത്രക്രീയയുടെ പണം ശേഖരിച്ചുവെന്ന് ലില്ലിയുടെ കണ്ണീരിന് ഫലമുണ്ടായി. എന്നാൽ ഇതെ സമയം ഗീവർഗ്ഗീസിന്റെ വീട്ടിൽ പ്രശ്നവും കലാപവുമായി. അനധികൃതമായി പണം കൈക്കലാക്കിയതിന് എക്സൈസ് അയാളുടെ വീടു വളഞ്ഞു. ഗ്രാമക്കാർ എല്ലാവരും അയാളുടെ വീടിന് മുമ്പിൽ ഓടിക്കൂടി, ദൈവചിന്തയില്ലാത്ത പ്രവർത്തിക്കും, വാക്കുകൾക്കും ഗീവർഗ്ഗീസിനു തിരിച്ചടികിട്ടി. അയാളുടെ സകല സമ്പത്തും ഇല്ലാതെയായി. കുടുംബത്തിന്റെ വില നഷ്ടമായി. ദൈവം തനിക്ക് സമ്മാനിച്ച ദാനത്തെ നന്മയ്ക്കായി ഉപകാരപ്പെടുത്തുന്നതിന് പകരം മറ്റുള്ളവരുടെ നാശത്തിനായും, വേദനയ്ക്കായും അയാൾ വിനിയോഗിച്ചു." ജറുസലേമിലേയും, യൂദായിലെയും ജനങ്ങൾ കർത്താവിന്റെ അവരോടുള്ള കരുണയെ മനസിലാക്കാതെ അവിടുത്തെ വെല്ലുവിളിച്ചപ്പോൾ അവരുടെ കാലിടറി" അതുപോലെ ദൈവചിന്തയില്ലാത്ത ഗീവർഗ്ഗീസിന്റെ പ്രവർത്തികൾക്ക് ശിക്ഷ ലഭിച്ചു. ലില്ലിയുടെ പ്രവർത്തികളിലൂടെ അവൾക്ക് നന്മയും, ഗീവർഗ്ഗീസിന്റെ പ്രവർത്തികളിലൂടെ അയാൾക്ക് തിന്മയും വന്നു ഭവിച്ചു.



www.malankaralibrary.com



# ത്രോണോസിന്റെ വിവിധ അർത്ഥങ്ങൾ വിവരിക്കുക ?


ത്രോണോസ് സ്വർഗീയ പിതാവിന്റെ സിംഹാസനമാകുന്നു.
ജറുസലേം ദൈവാലയത്തിലെ കൃപാസനത്തെ സൂചിപ്പിക്കുന്നു.
ത്രോണോസ് ഗോഗുൽത്താ മലയേയും
കർത്താവിന്റെ കബറിനെയും സൂചിപ്പിക്കുന്നു.
ഇതിനെ യാഗപീഠം, ബലിപീഠം എന്നും വിളിക്കുന്നു.

www.malankaralibrary.com

# എന്റെ സ്വന്തം
# മാർ ഈവാനിയോസ് പിതാവ്

ഉണ്ണി അമ്മയമ്പലം




തുടർന്ന് അയർ
ലണ്ടിലെ ഡബ്ലിൻ
നഗരത്തിലെത്തിയ
പിതാവ് അവിടെ
നടന്ന ദിവ്യകാരു
ണ്യ കോൺഗ്രസ്സിൽ
പങ്കെടുക്കുകയും
മലങ്കര റീത്തിൽ
കുർബാനയർപ്പിക്കു
കയും ചെയ്തു.
അങ്ങയെ കണ്ടാൽ ഒരു വലിയ ഭാരതീയ
ഋഷിവര്യനെപ്പോലെയുണ്ട്. ഞാനും
അങ്ങയെപ്പോലെ പുനരൈക്യപ്പെട്ടയാളാണ്.
അങ്ങ് എന്നെ അനുഗ്രഹിക്കണം.
ആറുമാസത്തെ വിദേശയാത്ര കഴിഞ്ഞ് 1932 ഒക്ടോബർ
30-ാം തീയതി മാർ ഈവാനിയോസ് തിരുമേനി വരുന്നത
റിഞ്ഞ് റെയിൽവേ സ്റ്റേഷൻ ജനങ്ങളെക്കൊണ്ടു നിറഞ്ഞു.
പെട്ടെന്നു വൈദ്യുതി നിലച്ചു. തീവണ്ടി വന്നു നിന്നപ്പോൾ
വൈദ്യുത വിളക്കുകൾ തെളിഞ്ഞു. പിതാവിനെ സ്വീകരി
ക്കാനെത്തിയ മഹാകവി വള്ളത്തോൾ ഇങ്ങനെ പാടി .
'അന്ധകാരമധ്യേ ഞങ്ങൾക്കാശ്വാസമേകുവാൻ
വന്നപൊൻതാരമേ ജയിച്ചാലുംമേൽക്കുമേൽ ഭൂമൗ'
തിരുവനന്തപുരത്ത് അതിരൂപത അനു
വദിച്ചെങ്കിലും ഒരു തുണ്ടു ഭൂമി പോലും
സ്വന്തമായില്ലാതെ പിതാവ് വിഷമിച്ചു.
പള്ളിയാക്കാൻ പറ്റിയ കെട്ടിടം
വല്ലതുമുണ്ടോ?
പാളയത്തെ പാമ്പഡോർ
സിനിമാശാല വിൽക്കുന്നു
വെന്നു കേട്ടു പിതാവേ!

www.malankaralibrary.com

# പൊതുവിജ്ഞാനം

തയ്യാറാക്കിയത് : സി. ജോവിറ്റ തെരേസ് ഡി.എം

1) മരിയശാസ്ത്രത്തിന്റെ കേന്ദ്രബിന്ദു എന്നറിയപ്പെടുന്ന തിരുവചന ഭാഗമേത് ?

ലൂക്കാ 1: 28

2) വി. യൗസേപ്പിനെ സാർവ്വത്രീക സഭയുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചത് ആര് ?

ഒൻപതാം പീയുസ് മാർപാപ്പ

3) പരി. അമ്മയെ "ജീവൻ നൽകുന്ന അമ്മയായി" ചിത്രികരിച്ച മാർപാപ്പ ആര് ?

ഇന്നസെന്റ് മൂന്നാമൻ മാർപാപ്പ

4) മാതാവിന്റെ ദൈവമാതൃത്വത്തെ പറ്റി പറയുന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഡിക്രി ?

ജനതകളുടെ പ്രകാശം - എട്ടാം അദ്ധ്യായം

5) സഭയിലെ രണ്ടാമത്തെ മാർപാപ്പ?

വി. ലീനൂസ് മാർപാപ്പ

6) മലങ്കര കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിയ മാർപാപ്പ ?

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ

7) കർദ്ദിനാൾ സംഘം രൂപികൃതമായതെന്ന് ?

എ. ഡി 1150 ൽ

8) ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചത് എന്ന് ?

2011 മെയ്യ് 1-ാം തീയതി

9) തുകലിൽ എഴുതിയ മോശയുടെ ന്യായപ്രമാണത്തിന് സുറിയാനിയിൽ പറയുന്ന പേരെന്ത് ?

ഒറൈത്താ

10) ഹൂദോസ് ഈത്തോ ഞായറിന്റെ വിഷയം/അർത്ഥം ?

സഭയുടെ നവീകരണം

www.malankaralibrary.com

# വാർത്തകൾ

**1. ആദരവ് - 2023**

വിശ്വാസ പരിശീലന ശുശ്രൂഷയിൽ 25 വർഷവും 50 വർഷവും അധ്യാപകരായി ശുശ്രൂഷ നിർഹിച്ച 64 അധ്യാപകരെ പ്രത്യേകമായി ആദരിച്ചു. ഫെബ്രുവരി 5 ഞായറാഴ്ച 1.30 ന് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന മീറ്റിംഗിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ അധ്യാപകർക്ക് മെമെന്റോ നൽകി ആദരിച്ചു. പ്രസ്തുത മീറ്റിംഗിന് മേജർ അതിരൂപത സണ്ടേസ്കൂൾ ഡയറക്ടർ ഫാ. ജോൺസൺ പുതുപ്പറമ്പിൽ സ്വാഗതവും, കഴക്കൂട്ടം വൈദികജില്ല സണ്ടേസ്കൂൾ ഡയറക്ടർ ഫാ. ഗീവർഗീസ് എഴിയത്ത് ആശംസ പ്രസംഗവും, അധ്യാപക പ്രതിനിധി ഡോ. തോമസ്കുട്ടി പനച്ചിക്കൽ മറുപടി പ്രസംഗവും, മേജർ അതിഭദ്രാസന എക്സിക്യൂട്ടിവ് അംഗം ഡോ. ജെയിംസ്. റ്റി. ജോസഫ് നന്ദിയും അർപ്പിച്ചു. തുടർന്നു നടന്ന M.C.C.L മേജർ അതിഭദ്രാസനതല തെരഞ്ഞെടുപ്പിൽ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർ.

| ഭാരവാഹികൾ | പേര് | ഇടവക | വൈദികജില്ല |
|---|---|---|---|
| പ്രസിഡന്റ് | റ്റിനോ തോമസ് | വിളക്കുവട്ടം | പുനലൂർ |
| വൈസ് പ്രസിഡന്റ് | ഹന്ന ഫാത്തിമ | പോത്തൻകോട് | കഴക്കൂട്ടം |
| ജനറൽ സെക്രട്ടറി | സ്നേഹ ജോൺസൺ | കലയപുരം ഈസറ്റ് | കൊട്ടാരക്കര |
| ജോയിന്റ് സെക്രട്ടറി | സാൻജോ റെജി ജോൺ | പാണയം | അഞ്ചൽ |
| ട്രഷർ | ഡെൽന എസ് ബാബു | പുതുശേരിഭാഗം | അടൂർ |

**2. 10, 12 ക്ലാസുകളിലെ വാർഷിക പരീക്ഷയും, സ്കോളർഷിപ്പ് പരീക്ഷയും**

10, 12 ക്ലാസുകളിലെ വാർഷിക പരീക്ഷയും,ഇടവകയിൽ ഒന്നാം സ്ഥാനം ലഭിച്ച 3 മുതൽ 9, 11 ക്ലാസുകളിലെ കുട്ടികളുടെ സ്കോളർഷിപ്പ് പരീക്ഷയും, 2023 ഫെബ്രുവരി 12 ന് ജില്ലകളിൽ വച്ച് നടത്തപ്പെട്ടു.

**3. M. B. O .C - 2023**

ഈ വർഷത്തെ M. B. O .C "ദൈവവചനം" എന്ന വിഷയത്തെ അടിസ്ഥാമാക്കി 2023 ഏപ്രിൽ 10 മുതൽ മെയ് 12 വരെയുള്ള 5 ആഴ്ചകളിലായി നടത്തുവാൻ ആഗ്രഹിക്കുന്നു. M. B. O .C നടത്തുവാൻ ആഗ്രഹിക്കുന്ന ഇടവകകൾ അവരുടെ തീയതി വിശ്വാസ പരിശീലന കാര്യാലയത്തിൽ മാർച്ച് 12 ന് മുമ്പ് അറിയിക്കേണ്ടതാണ്. 3 ക്ലാസുകളിലായി പുസ്തകങ്ങൾ ക്രമീകരിച്ചിരിക്കുന്നയിനാൽ ഓരോ ക്ലാസിലേക്കും ഉള്ള പുസ്തകങ്ങളുടെ എണ്ണം അറിയിക്കേതാണ്. Mob: 90 72 98 36 78 ( Office)

**M. B. O .C നടക്കുന്ന തീയതികൾ**

| | |
|---|---|
| ഒന്നാം ആഴ്ച | ഏപ്രിൽ 10 മുതൽ 14 വരെ |
| രണ്ടാം ആഴ്ച | ഏപ്രിൽ 17 മുതൽ 21 വരെ |
| മൂന്നാം ആഴ്ച | ഏപ്രിൽ 24 മുതൽ 28 വരെ |
| നാലാം ആഴ്ച | മെയ് 1 മുതൽ 5 വരെ |
| അഞ്ചാം ആഴ്ച | മെയ് 8 മുതൽ 12 വരെ |

www.malankaralibrary.com

# നന്ദി

## സണ്ടേസ്കൂൾ ജില്ലാ ഡയറക്ടറായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് ബഹുമാനപ്പെട്ട വൈദികർക്ക് നന്ദി.

അടൂർ - റവ. ഫാ. ജോൺ വിളയിൽ
കൊട്ടാരക്കര - റവ. ഫാ. സിറിൽ തോമസ്
പുനലൂർ - റവ. ഫാ. സാമുവേൽ തോണ്ടുപറമ്പിൽ
കിളിമാനൂർ - റവ. ഫാ. ഷൈജു പുല്ലുംവിളതെക്കേതിൽ

# സ്വാഗതം

## ജില്ലാ ഡയറക്ടറായി നിയമിതരായ ബഹുമാനപ്പെട്ട വൈദികർക്ക് സ്വാഗതം

അടൂർ - റവ. ഫാ. ക്ലിം പരുക്കൂർ
കൊട്ടാരക്കര - റവ. ഫാ. ജോഷ്വാ പാറയിൽ
പുനലൂർ - റവ. ഫാ. പോൾ വിളയിൽ
കിളിമാനൂർ - റവ. ഫാ. അലോഷ്യസ് തെക്കേടത്ത്

# പദപ്രശ്നം

## കഴിഞ്ഞ ലക്കത്തിലെ വിജയി

**ലിൻസി. ബി**


**ഇടവക : മലമുകൾ**

**ജില്ല : കിളിമാനൂർ**

### കഴിഞ്ഞ ലക്കത്തിലെ ഉത്തരം

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13 മ | 4 ദ്രൗ | ൺ | സ്റ്റീ | ൻ | 3 ഫി | യാ | നോ | 14 ഷാ |
| ർ | 2 ജോ | സ | ഫ് | റാ | റ്റ് | സിം | ഗ | ർ |
| ക്റ്റ | ൺ | 10 റി | നോ | ഫി | സി | ഷെ | ല്ല | ല |
| ൽ | 9 പോ | ഷ് | എ | മി | ര | റ്റ | സ് | റ്റ് |
| 11 പോ | ൾ | VI | 5 ദൈ | വ | ശാ | സ് | ത്രം | അ |
| | II | 6 ജോ | സ | ഫ് | സ്റ്റാം | ഗ | ൽ | ല |
| 1 അ | നു | ഗ്ര | ഹി | ക | ഷെ | ട്ട | വ | ൻ |
| | 12 സി | ഗ് | നോ | ർ | ടി | അ | മോ | |
| 7 മ്യൂ | ണി | ക് | | | 8 ശ്രി | ഗ | റി | XII |

www.malankaralibrary.com



Prayerful

# Feastday Wishes Beloved Aboon

## HIS EXCELLENCY MOST REV. DR. MATHEWS MAR POLYCARPOS

AUXILIARY BISHOP OF THE MAJOR ARCHIEPARCHY OF TRIVANDRUM

www.malankaralibrary.com

# HOLY LENT

PUBLISHED BY

CATECHETICAL APOSTOLATE
MAJOR ARCHDIOCESE OF TRIVANDUM
SAMUNNAYA PASTORAL CENTER, PATTOM